**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആട്ടോണമസ് കോളേജ് പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മഹാരാജാസ് കോളേജിന് ആട്ടോണമസ് കോളേജ് പദവി യു.ജി.സി. ഏതു വർഷം വരെയാണ് നൽകിയിരുന്നത്; തുടർഅംഗീകാരം ലഭിക്കാതിരുന്നതിന് കാരണമെന്താണ്; അംഗീകാരമില്ലാതെ ഓട്ടോണമസ് പദവിയിൽ തുടരുന്നതിന് നിയമ സാധുതയുണ്ടോ; | (എ) | എറണാകുളം, മഹാരാജാസ് കോളേജിന് 2019-2020 അക്കാദമിക വർഷം വരെ സ്വയംഭരണ പദവി അനുവദിച്ചിരുന്നു. ഓട്ടോണമിയുടെ തുടർ അനുമതിക്കുള്ള അപേക്ഷ യുജിസി യുടെ പരിഗണനയിലാണ്. ടി അപേക്ഷ യു.ജി.സി ഇതുവരെ നിരസിച്ചിട്ടില്ല. |
| (ബി) | സർക്കാർ ഉടമയിലല്ലാത്ത എത്ര ഓട്ടോണമസ് കോളേജുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത കോളേജുകളുടെ അംഗീകാരകാലാവധി കഴിഞ്ഞശേഷം തുടർ അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (ബി) | കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ 14 ഓട്ടോണമസ് കോളേജുകളും എ പി ജെ അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ കീഴിൽ 12 ഓട്ടോണമസ് കോളേജുകളും കേരള സർവകലാശാലയുടെ കീഴിൽ 2 ഓട്ടോണമസ് കോളേജുകളും മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ 13 സ്വയംഭരണ കോളജുകളും നിലവിലുണ്ട്. സ്വയംഭരണ കോളേജുകളുടെ തുടർ അംഗീകാരത്തിന് വേണ്ടി കോളേജുകൾ അപേക്ഷകൾ സമർപ്പിക്കുന്ന മുറക്ക് പരിശോധന നടത്തി സർവകലാശാലകൾ, യു.ജി.സിക്ക് ശുപാർശ നൽകുകയും യു.ജി.സി. അംഗികാരം ലഭിക്കുന്ന മുറയ്ക്ക് തുടർ അംഗീകാരം നൽകുകയും ചെയ്യാറുണ്ട്. |
| (സി) | മഹാരാജാസ് കോളേജിന് യഥാസമയം തുടർഅംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ കൈക്കൊണ്ടത്? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ